ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : സർ, വൻകിട വ്യവസായികൾക്ക് വ്യവസായ സ്ഥാപനങ്ങൾ തുടങ്ങുന്നതിന് സാങ്കേതികമായ പരിജ്ഞാനം ഏറെ ഉള്ളവരാണ്; പക്ഷേ അതിനപ്പുറം വളരെ പാവപ്പെട്ട പ്രവാസികളായ ആളുകളുണ്ട്. കാരണം അവരൊന്നും വലിയ നിക്ഷേപമുള്ളവരല്ല. അവരുടെ ഏറ്റവും വലിയ പ്രശ്നമെന്നു പറയുന്നത് വയബിൾ പ്രോജക്ട് അവർക്ക് കിട്ടുന്നില്ലെന്നതാണ്. അതോടൊപ്പംതന്നെ മറ്റൊരു പ്രശ്നം അവർക്ക് ഇതുപോലെ തുടങ്ങാൻ ആവശ്യമായ സ്ഥലവും ലഭ്യമല്ല. അപ്പോൾ വലിയ ധനം മുടക്കി ഇത് വാങ്ങാൻ കഴിയില്ല. അതുകൊണ്ട് കേരളത്തിൽ തുടങ്ങുന്ന വ്യവസായ കേന്ദ്രങ്ങളിലും വ്യവസായ സംരംഭങ്ങളിലും പ്രവാസികൾക്ക് ഒരു നിശ്ചിത ശതമാനം അവരുടെ നിക്ഷേപത്തിനുവേണ്ടി ഒഴിവാക്കിക്കൊണ്ടുള്ള സംവിധാനത്തെപ്പറ്റി സംസ്ഥാന സർക്കാർ ആലോചിക്കുമോ, അത് കൂടുതൽ സംരംഭകരെ ആകർഷിക്കാൻ ഇടയാക്കും. അങ്ങനെ ഒരു കാര്യം ചെയ്യുമോ ?

ശ്രീ. എളമരം കരീം : സർ, ഇത് പരിഗണിക്കാവുന്ന ഒരു നിർദ്ദേശമാണ്. നമ്മുടെ വ്യവസായ പാർക്കുകളിൽ പ്രവാസികൾക്കായി ഒരു പ്രത്യേക പരിഗണന നൽകുന്ന കാര്യം ഗവൺമെന്റ് ഗൗരവമായി ആലോചിക്കുന്നതാണ്.

മി. സ്പീക്കർ : ചോദ്യം നമ്പർ 242

ദുരന്ത നിവാരണ നയം

2 (*242) ശ്രീ. കെ. രാജു :
ശ്രീ. എൻ. അനിരുദ്ധൻ :
ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. എ. കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ ദുരന്ത നിവാരണ നയം പ്രഖ്യാപിച്ചിട്ടുണ്ടോ ; എങ്കിൽ ദുരന്ത നിവാരണവുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) യുവജന കർമ്മ സേന, സുരക്ഷാ ക്ലബ്ബുകൾ എന്നിവയുടെ പ്രവർത്തനങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ;

(സി) തോണി അപകടങ്ങൾ ഒഴിവാക്കുന്നതിനായി ഈ സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ?

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. പി. രാജേന്ദ്രൻ) : സർ,

(എ) ഉണ്ട്. റവന്യൂ (ദുരന്തനിവാരണ) വകുപ്പിന്റെ കീഴിൽ സംസ്ഥാന തലത്തിൽ ദുരന്തനിവാരണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും നടപ്പിലാക്കുന്നതിനുമായി സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി രൂപീകരിച്ചിട്ടുണ്ട്. ജില്ലാ തലത്തിൽ ദുരന്തനിവാരണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ ജില്ലാ ദുരന്ത

LIBRARY ARCHIVES Kerala Legislative Assembly

നിവാരണ അതോറിറ്റിയും രൂപീകരിച്ചിട്ടുണ്ട്. ദുരന്തനിവാരണ നയത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം സംസ്ഥാനത്തുണ്ടാകുന്ന എല്ലാ ദുരന്തങ്ങളെയും ഫലപ്രദമായി നേരിടുന്നതിനും ദുരന്തനിവാരണ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നതിനുമായി ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ റവന്യൂ, ആരോഗ്യം, ആഭ്യന്തരം, ധനകാര്യ വകുപ്പ് സെക്രട്ടറിമാർ അംഗങ്ങളായുള്ള ക്രൈസിസ് മാനേജ്മെന്റ് ഗ്രൂപ്പ് രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തുണ്ടാകുന്ന എല്ലാത്തരം ദുരന്തങ്ങളും കൈകാര്യം ചെയ്യുന്നതിനുള്ള നോഡൽ വകുപ്പ് റവന്യൂ (ദുരന്ത നിവാരണ) വകുപ്പായിരിക്കും.. എല്ലാത്തരം ദുരന്തനിവാരണ പ്രവർത്തനങ്ങളുടെയും ഏകോപനത്തിനായി റവന്യൂവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനത്തെ എല്ലാ കളക്ടറേറ്റുകളിലും ദുരന്തനിവാരണത്തിനായി പ്രത്യേക വിഭാഗം രൂപീകരിക്കുകയും ഇതിന്റെ ചുമതല ദുരന്ത നിവാരണ ഡെപ്യൂട്ടി കളക്ടർമാർക്ക് നൽകുകയും ചെയ്തു. ഇതിനായി 8 ഡെപ്യൂട്ടി കളക്ടർമാരുടെ തസ്തിക പുതിയതായി സൃഷ്ടിച്ചു. ദുരന്തങ്ങളെ ഫലപ്രദമായി നേരിടുന്നതിന് 14 ജില്ലകളിലും ദുരന്തനിവാരണ പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. സംസ്ഥാന ജില്ലാ ഭരണകൂടങ്ങൾ, വിവിധ വകുപ്പുകൾ, തദ്ദേശ ഭരണ സ്ഥാപനങ്ങൾ, പൊതു സമൂഹം, സന്നദ്ധ സംഘടനകൾ എന്നിവയുടെ ദുരന്തനിവാരണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി സംസ്ഥാന ദുരന്ത നിവാരണ നയം ആവിഷ്ക്കരിച്ചു. കൂടാതെ സംസ്ഥാന ദുരന്തനിവാരണ പ്ലാനിന്റെ രൂപരേഖ 21-2-2011-ൽ പ്രകാശനം ചെയ്യുന്നതിന് തീരുമാനിച്ചിട്ടുണ്ട്. സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് വെള്ളയമ്പലം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എൻജിനീയേഴ്സ് കോമ്പൗണ്ടിൽ 45 സെന്റ് സ്ഥലം അനുവദിച്ചു. രണ്ട് കോടി രൂപ ചെലവിൽ കെട്ടിടം നിർമ്മിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചു കഴിഞ്ഞു. സംസ്ഥാന ദുരന്ത ലഘൂകരണ പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ കളക്ടറേറ്റുകൾ, താലൂക്ക് ഓഫീസുകൾ, വില്ലേജ് ഓഫീസുകൾ എന്നിവയെ സ്റ്റേറ്റ് കൺട്രോൾ റൂമുമായി ബന്ധിപ്പിച്ചുകൊണ്ടുള്ള കേരളത്തിലെ 9 തീരദേശജില്ലകൾക്കായുള്ള മുന്നറിയിപ്പ് സംവിധാനം യു.എൻ.ഡി.പി.യുടെ സഹകരണത്തോടെ നടപ്പിലാക്കി. നാഷണൽ സൈക്ലോൺ റിസ്ക് മിറ്റിഗേഷൻ പ്രോജക്ടിന്റെ കീഴിൽ പൈലറ്റ് പ്രോജക്ട് ആയി കോഴിക്കോട് ജില്ലയിൽ രണ്ടും കണ്ണൂർ ജില്ലയിൽ ഒന്നും വീതം സൈക്ലോൺ ഷെൽട്ടറുകൾ നിർമ്മിക്കുന്നതിനുള്ള അനുമതി കേന്ദ്ര സർക്കാരിൽ നിന്ന് ലഭിക്കുകയും സെൻട്രൽ പി.ഡബ്ല്യു.ഡി. വകുപ്പ് മുഖേന നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ഇതു കൂടാതെ ഈ പ്രോജക്ടിന്റെ കീഴിൽ 9 തീരദേശ ജില്ലകളിൽ 40 സൈക്ലോൺ ഷെൽട്ടറുകൾ നിർമ്മിക്കുന്നതിനുള്ള വിശദമായ പ്രോജക്ട് പ്രൊപ്പോസൽ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. കേരളത്തിലെ എല്ലാ സർക്കാർ എയ്ഡഡ് സ്കൂളുകളിലും ദുരന്തനിവാരണ പരിശീലനം ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ നടത്തുന്നതിനായി സുരക്ഷാ ക്ലബ്ബുകൾ രൂപീകരിച്ചു. യുവജനക്ഷേമ ബോർഡിന്റെ സഹകരണത്തോടെ എല്ലാ പഞ്ചായത്തുകളിലും ദുരന്ത

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

നിവാരണ പ്രവർത്തനങ്ങളിൽ ജില്ലാ ഭരണകൂടത്തെ സഹായിക്കുന്നതിലേക്കായി യുവ കർമ്മസേന രൂപീകരിക്കുന്നതിനും പദ്ധതിയുണ്ട്. മലപ്പുറം ജില്ലയിൽ അരീക്കോട് 8 കുട്ടികളുടെ മരണത്തിനിടയാക്കിയ തോണി അപകടത്തിന്റെ പശ്ചാത്തലത്തിൽ സ്കൂൾ വിദ്യാർത്ഥികൾ കൂടുതലായി ഉപയോഗിക്കുന്ന കടവുകൾ സുരക്ഷാ പാലങ്ങൾ നിർമ്മിക്കുന്നതിന് തീരുമാനിക്കുകയും 30 പാലങ്ങളുടെ നിർമ്മാണത്തിന് ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. ഇതുകൂടാതെ അപകടം നടന്ന മൂർക്കോത്ത് അരീക്കോട് കടവിൽ 136 ലക്ഷം രൂപ ചിലവിൽ പാലം പണി പൂർത്തിയായിട്ടുണ്ട്. ഇത്തരത്തിലുള്ള 525 പാലങ്ങൾ നിർമ്മിക്കുന്നതിന് കേന്ദ്ര സഹായം അഭ്യർത്ഥിച്ചുകൊണ്ട് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. കേന്ദ്ര ദുരന്ത നിവാരണ സേനയുടെ ഒരു സ്ഥിരം യൂണിറ്റ് കോഴിക്കോട് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഇടുക്കി കേന്ദ്രമാക്കി സംസ്ഥാന ദുരന്തനിവാരണ സേനയുടെ ഒരു യൂണിറ്റും പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. തൃശ്ശൂർ പോലീസ് അക്കാദമിയോട് ചേർന്ന് സിവിൽ ഡിഫൻസ് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിനുള്ള നടപടിയും പൂർത്തിയായി വരുന്നു. ദുരന്തനിവാരണ പ്രവർത്തനങ്ങൾക്കായി സംസ്ഥാനത്ത് 40 ടൺ കപ്പാസിറ്റിയുള്ള ഓരോ ക്രെയിനുകൾ കൊല്ലം, ഇടുക്കി, തൃശ്ശൂർ, കോഴിക്കോട് എന്നീ ജില്ലകളിലേക്കായി വാങ്ങുന്നതിന് 180 ലക്ഷം രൂപയ്ക്കുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) കേരളത്തിൽ തുടർച്ചയായി ഉണ്ടായിക്കൊണ്ടിരിക്കുന്ന കുട്ടികളുമായി ബന്ധപ്പെട്ട ദുരന്തങ്ങളിൽ നിന്ന് പാഠം ഉൾക്കൊണ്ടും ദുരന്തങ്ങളെക്കുറിച്ചും ദുരന്തനിവാരണ പ്രവർത്തനങ്ങളെക്കുറിച്ചുമുള്ള അവബോധം കുട്ടികളിൽ സൃഷ്ടിക്കേണ്ട ആവശ്യകത കണക്കിലെടുത്തും, ദേശീയ ദുരന്തനിവാരണ അതോറിറ്റിയുടെ പ്രഖ്യാപിത ലക്ഷ്യങ്ങളിലൊന്നായ സ്കൂൾ സുരക്ഷ എന്ന ആശയം സംസ്ഥാനത്ത് പ്രാവർത്തികമാക്കുന്നതിന്റെയും ഭാഗമായി സംസ്ഥാന ദുരന്തനിവാരണ വകുപ്പിന്റെ നേതൃത്വത്തിൽ വിദ്യാഭ്യാസ വകുപ്പിന്റെ സഹകരണത്തോടെ 'നമ്മുടെ സുരക്ഷ' എന്ന പേരിൽ സംസ്ഥാനത്തെ എല്ലാ സർക്കാർ എയ്ഡഡ് സ്കൂളുകളിലും സുരക്ഷാ ക്ലബ്ബുകൾ ആരംഭിച്ചിട്ടുണ്ട്. ഇതിലേക്കായി 175 ലക്ഷം രൂപ വിദ്യാഭ്യാസ വകുപ്പിന് കൈമാറിയിട്ടുണ്ട്. യുവജനക്ഷേമ ബോർഡിന്റെ സഹകരണത്തോടെ എല്ലാ പഞ്ചായത്തുകളിലും ദുരന്തനിവാരണ പ്രവർത്തനങ്ങളിൽ ജില്ലാ ഭരണകൂടത്തെ സഹായിക്കുന്നതിലേക്കായി യുവകർമ്മസേന രൂപീകരിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

(സി) മലപ്പുറം ജില്ലയിൽ അരീക്കോട് 8 കുട്ടികളുടെ മരണത്തിനിടയാക്കിയ തോണി അപകടത്തിന്റെ പശ്ചാത്തലത്തിൽ സ്കൂൾ വിദ്യാർത്ഥികൾ കൂടുതലായി ഉപയോഗിക്കുന്ന കടവുകളിൽ സുരക്ഷാ പാലങ്ങൾ നിർമ്മിക്കുന്നതിന് തീരുമാനിക്കുകയും ഇതിനായി ജില്ലാ കളക്ടർമാർ മുഖേന ഒരു സർവ്വെ നടത്തുകയും ചെയ്തു. സംസ്ഥാനത്ത് വിദ്യാർത്ഥികൾ കൂടുതലായി ഉപയോഗിക്കുന്ന 554 പാലങ്ങൾ ഉണ്ടെന്നും ഇതിൽ കുട്ടികൾ കൂടുതലായി ഉപയോഗിക്കുന്ന കടവുകൾ ഉണ്ടെന്നും കണ്ടെത്തി. കണ്ണൂർ, ആലപ്പുഴ ജില്ലകളിൽ 3 പാലം വീതവും ബാക്കിയുള്ള ജില്ലകളിൽ രണ്ട് പാലങ്ങൾ വീതവും

അങ്ങനെ സംസ്ഥാനത്ത് 30 സുരക്ഷാപാലങ്ങൾ നിർമ്മിക്കാൻ ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. ഇതുകൂടാതെ അപകടം നടന്ന മൂർക്കോത്ത് അരീക്കോട് കടവിൽ 136 ലക്ഷം രൂപ ചെലവിൽ പാലം പണി പൂർത്തിയായിട്ടുണ്ട്. ഇത്തരത്തിലുള്ള 525 പാലങ്ങൾ നിർമ്മിക്കുന്നതിന് കേന്ദ്ര സഹായം അഭ്യർത്ഥിച്ചുകൊണ്ട് പ്രൊപ്പോസൽ കേന്ദ്രത്തിന് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

ശ്രീ. കെ. രാജു : സർ, അങ്ങയുടെ ഈ മറുപടിയിൽ തീരദേശ ജില്ലകളിൽ സൈക്ലോൺ ഷെൽട്ടറുകൾ നിർമ്മിക്കുന്നതിനെക്കുറിച്ച് പറയുന്നുണ്ട്. ഒമ്പത് തീരദേശ ജില്ലകളിലേക്ക് വിശദമായ പ്രൊപ്പോസൽ കേന്ദ്ര ഗവൺമെന്റിന്റെ മുമ്പാകെ സമർപ്പിച്ചിട്ടുണ്ടെന്ന് മറുപടിയിൽ കാണുന്നുണ്ട്. അതിന് അംഗീകാരം ലഭിച്ചോ; എന്ന് അംഗീകാരം ലഭിക്കും; ഇതിനാവശ്യമായി എന്തെങ്കിലും തുക ലഭിച്ചിട്ടുണ്ടോ?

ശ്രീ. കെ. പി. രാജേന്ദ്രൻ : കേന്ദ്ര സർക്കാർിന്റെ മുന്നിൽ ഇതു സംബന്ധിച്ച് ഒരു പദ്ധതി സമർപ്പിച്ചിട്ടുണ്ട്. 199.18 കോടി രൂപ അടങ്കൽ പ്രതീക്ഷിക്കുന്ന നാൽപ്പത് സൈക്ലോൺ ഷെൽട്ടറുകളാണ് നിർമ്മിക്കുന്നത്. ഇതിന്റെ ആദ്യ ഭാഗമായി കേരളത്തിലെ ഒമ്പത് തീരദേശ ജില്ലകളിൽ യു.എൻ.ഡി.പി.യുടെ സഹകരണത്തോടുകൂടി നാഷണൽ സൈക്ലോൺ മിറ്റിഗേഷൻ പ്രോജക്ടുകൾ ആരംഭിക്കാൻ പദ്ധതിയുണ്ട്. ഇതിന്റെ പൈലറ്റ് പ്രോജക്ട് കോഴിക്കോട് ജില്ലയിൽ രണ്ടും കണ്ണൂർ ജില്ലയിൽ ഒന്നു വീതം തുടങ്ങാൻ കേന്ദ്ര അനുമതി കിട്ടി. ഫണ്ടും അനുവദിച്ചിട്ടുണ്ട്. അതിന്റെ നിർമ്മാണം ആരംഭിച്ചിട്ടുണ്ട്.

ശ്രീ. കെ. രാജു : സർ, ദുരന്ത നിവാരണത്തിനുവേണ്ടി പ്രത്യേക കർമ്മസേന രൂപീകരിക്കുന്ന നടപടിയെല്ലാം നല്ലതുതന്നെ. ഇന്നിപ്പോൾ മലയോരമേഖലകളിൽ എന്തെങ്കിലും ദുരന്തം ഉണ്ടായാൽ, ഉരുൾപൊട്ടലോ മഴമൂലം മണ്ണിടിച്ചിലോ ഉണ്ടായാൽ പെട്ടെന്ന് എത്തിച്ചേരുന്നത് ഫയർഫോഴ്സാണ്. അതുകൊണ്ട് ദുരന്ത നിവാരണത്തിനുവേണ്ടി ലഭിക്കുന്ന ഫണ്ടിൽ നല്ലൊരു തുക ഉപയോഗിച്ചുകൊണ്ട് ഫയർ ഫോഴ്സിനെ കൂടുതൽ ശക്തിപ്പെടുത്താൻ വേണ്ടി അവർക്ക് ഉപകരണങ്ങൾ, ദുരന്ത നിവാരണത്തിനുവേണ്ടി അവർക്ക് ഏർപ്പെടാൻ കഴിയുന്ന രീതിയിലുള്ള വളരെ ആധുനികമായ ഉപകരണങ്ങൾ, ഉദാഹരണത്തിന് റോഡിനു കുറുകേ പെട്ടെന്ന് മരം പിഴുതുവീഴുന്നു, അത് നീക്കം ചെയ്യണം; അത് മുറിച്ചു മാറ്റുന്നതിനുള്ള ഉപകരണങ്ങൾ അടക്കം, വാൾ അടക്കമുള്ള കാര്യങ്ങൾ, അടിയന്തരമായി അവർക്ക് എത്തിച്ചേരാനുള്ള വാഹനങ്ങളടക്കം ലഭ്യമാക്കുമോ?

ശ്രീ. കെ. പി. രാജേന്ദ്രൻ : സർ, കേന്ദ്രത്തിൽനിന്ന് നൽകുന്ന ഈ ഫണ്ടിൽ ഒരു പോർഷനകത്ത് ഉപകരണങ്ങൾ വാങ്ങാനായി നമുക്ക് ഉപയോഗിക്കാമെന്ന് പറയുന്നുണ്ട്. പക്ഷേ ഇത്രയും വർഷമായി നമ്മൾ അങ്ങനെ ചിന്തിച്ചിരുന്നില്ല. കഴിഞ്ഞവർഷം ഫയർ ആന്റ് റസ്ക്യൂ വകുപ്പിന് പത്തു കോടി രൂപ അനുവദിച്ചു. ഉപകരണങ്ങൾ വാങ്ങി,

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനത്തുടനീളം അത് ഉപയോഗിക്കുന്നുണ്ട്. ഈ വർഷവും പത്തു കോടി രൂപ അനുവദിച്ചു. അവർ സാധനങ്ങൾ വാങ്ങാനുള്ള ടെണ്ടർ നടപടി ആരംഭിച്ചിട്ടുണ്ട്. ഈ ഇരുപതുകോടിക്ക് പുറമേ മറ്റു ചില ജില്ലകളിൽ ചില പ്രത്യേക കേസ്സുകളിൽ ഉപകരണങ്ങൾ വാങ്ങാനായി ഏകദേശം ഒരു കോടി രൂപയും നൽകിയിട്ടുണ്ട്.

ശ്രീമതി ഇ. എസ്. ബിജിമോൾ : സർ, ദുരന്ത നിവാരണ സേനയുടെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് മെച്ചപ്പെട്ട പ്രവർത്തനങ്ങൾ ക്രമീകരിക്കുന്നതിനായി ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്. ഇപ്പോൾ ഇവിടെ സൂചിപ്പിച്ചതു പോലെ പലപ്പോഴും ദുരന്തം നടക്കുന്ന സ്ഥലത്തേക്ക് എത്തിച്ചേരുന്നതിന് കഴിയാത്ത സാഹചര്യങ്ങൾ ഉണ്ടാകും. ഇതുമായി ബന്ധപ്പെട്ട് ഒരു ഹെലികോപ്റ്റർ വാങ്ങുന്നതിനെക്കുറിച്ച് അങ്ങ് ആലോചിക്കുമോ ? ഹൈ പവർ സർച്ച് ലൈറ്റുകൾ അടക്കമുള്ള സംവിധാനങ്ങൾ ഇതിൽ ഏർപ്പെടുത്തിക്കൊണ്ട് വളരെ പെട്ടെന്ന് ദുരന്തം നടക്കുന്ന സ്ഥലങ്ങളിലേക്ക് എത്തിച്ചേരുന്നതിനുള്ള മോഡേൺ എക്യുപ്മെന്റ്സ്, അത്യാധുനികമായ ക്രമീകരണങ്ങൾ സംബന്ധിച്ച് ഗവൺമെന്റ് ആലോചിക്കുമോ? അതുപോലെ റോഡ് മുറിച്ചുകടക്കുന്നതിന് മേൽപ്പാലങ്ങൾ നിർമ്മിക്കുന്നതിനെ സംബന്ധിച്ച് ഗവൺമെന്റ് ആലോചിക്കുമോ?

ശ്രീ. കെ. പി. രാജേന്ദ്രൻ : സർ, ശ്രീമതി ഇ. എസ്. ബിജിമോൾ ഒരു പാട് ചോദ്യങ്ങൾ ചോദിച്ചു. ഹെലികോപ്റ്ററിന്റെകാര്യം മന്ത്രിസഭ തന്നെ ചർച്ച ചെയ്ത് ഒരു പ്രൊപ്പോസൽ തയ്യാറാക്കി കേന്ദ്ര ഗവൺമെന്റിന് കൊടുത്തു. ബഹുമാനപ്പെട്ട രാജ്യരക്ഷാ വകുപ്പുമന്ത്രി ശ്രീ. എ. കെ. ആന്റണിയുമായി ഈ വിഷയം ചർച്ച ചെയ്തു. നാല്പത്തിരണ്ട് കോടിയോളം രൂപ ഒരു ഹെലികോപ്റ്റർ വാങ്ങുന്നതിനു വേണം. ആ ചെലവിനു പുറമേ അത് ഉപയോഗിക്കുന്നതിന് ദൈനംദിനം വരുന്ന മറ്റ് ചെലവുകൾ നമുക്ക് താങ്ങാൻ കഴിയുന്നതല്ല. അദ്ദേഹം ഒരു പ്രൊപ്പോസൽ പറഞ്ഞു, കേന്ദ്ര ഗവൺമെന്റും അത് പറഞ്ഞു, നമ്മൾ അതിൽ കോൺട്രാക്ട് ഉണ്ടാക്കി എയർ ഇൻഡ്യയുടെ ഏതെങ്കിലും സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് ഒരു സംവിധാനം ഉണ്ടാക്കിയാൽ അത് നമുക്ക് പ്രയോജനം ചെയ്യും. പക്ഷേ ഹെലികോപ്റ്റർ വേണമെന്നുള്ള ആവശ്യം ഇന്ന് കേരളത്തിൽ ഏറ്റവും അത്യാവശ്യമായിരിക്കുന്നു. പ്രത്യേകിച്ച് ഉണ്ടാകുന്ന അപകട സ്ഥലത്തേക്ക് പെട്ടെന്ന് മെഡിക്കൽ ടീമിനേയോ രക്ഷാ പ്രവർത്തകരെയോ എത്തിക്കണമെങ്കിൽ ഏറ്റവും അടിയന്തരമായി ഇതുപോലുള്ള സംവിധാനങ്ങൾ ആവശ്യമാണ്. എന്തായാലും സംസ്ഥാന ഗവൺമെന്റ് അതിൽ താല്പര്യമെടുത്തിട്ടുണ്ട്. ഒന്നുകൂടി വില കുറച്ച് കൺസെഷണൽ റേറ്റിൽ കിട്ടുമോ എന്ന് പരിശോധിച്ചു നോക്കാം.

ശ്രീ. എ. കെ. ചന്ദ്രൻ : സർ, കേരളത്തിൽ ഏറ്റവും കൂടുതൽ അപകടങ്ങൾക്ക് സാധ്യതയുള്ള കടലാക്രമണം, ഇടിമിന്നൽ എന്നിവ മൂലമുണ്ടാകുന്ന ദുരന്തങ്ങൾക്ക് കേന്ദ്ര ഗവൺമെന്റിൽനിന്ന് എന്തെങ്കിലും സാമ്പത്തിക സഹായം ലഭ്യമാകുന്നുണ്ടോ; ഇല്ലെങ്കിൽ അത് കേന്ദ്ര ഗവൺമെന്റിന്റെ

LIBRARY ARCHIVES Kerala Legislative Assembly

ശ്രദ്ധയിൽപ്പെടുത്തി ആവശ്യമായ സഹായം ലഭ്യമാകുന്നതിന് നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. പി. രാജേന്ദ്രൻ : സർ, നമ്മുടെ സ്റ്റേറ്റിന്റെ അപകടങ്ങളുടെ സ്ഥിതിയും ദുരന്തങ്ങളുടെ സ്ഥിതിയും മറ്റ് സംസ്ഥാനങ്ങളുടേതുമായി ഒട്ടേറെ വ്യത്യാസങ്ങളുണ്ട്. മാനദണ്ഡം കേന്ദ്ര ഗവൺമെൻറ് ഓരോ അഞ്ചു വർഷം കൂടുമ്പോൾ തീരുമാനിക്കുന്നതാണ്. ആ മാനദണ്ഡത്തിനുള്ളിൽനിന്നേ തുക ചെലവഴിക്കുവാൻ കഴിയുകയുള്ളു. കടലാക്രമണം, ഇടിമിന്നൽ എന്നിവ കേരളത്തിൽ തുടർച്ചയായിട്ടുണ്ടാകുന്നു എന്ന കാര്യം ഗവൺമെന്റ് കേന്ദ്രത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. മുഖ്യമന്ത്രിതന്നെ നേരിട്ട് പ്രതിപക്ഷനേതാവുമൊന്നിച്ച് പ്രധാനമന്ത്രിയുടെ ശ്രദ്ധയിൽ ഇക്കാര്യം ഉന്നയിക്കുകയും ചർച്ച ചെയ്യുകയും ചെയ്തു. ഈ വിഷയം പതിമൂന്നാം ധനകാര്യ കമ്മീഷനു മുന്നിൽ സമർപ്പിക്കുവാൻ പറഞ്ഞു. അതും ചെയ്തു. പക്ഷേ കേന്ദ്ര ഗവൺമെന്റ് ഇപ്പോഴും മാനദണ്ഡത്തിൽ മാറ്റം വരുത്തിയിട്ടില്ല. എന്നാലും ഇതിന്റെ ഉള്ളിൽനിന്നുകൊണ്ട് ചെയ്യാവുന്ന സഹായങ്ങൾ ചെയ്യുന്നുണ്ട്. പക്ഷേ മൊത്തത്തിൽ മാനദണ്ഡം മാറ്റിയേ പറ്റൂ. നമ്മുടെ എം.പി.മാരും അത് ശക്തമായി ഉന്നയിക്കുന്നുണ്ട്. തുടർന്നും നമുക്ക് ആവശ്യം കേന്ദ്രത്തിനു മുന്നിൽ ഉന്നയിച്ചുകൊണ്ടിരിക്കണം. അത് നേടിയെടുക്കണം.

ശ്രീ. സി. ടി. അഹമ്മദ് അലി : സർ, തീപിടുത്തത്തിൽ നിരവധി വീടുകളും കടകളും അതുപോലെ കൃഷിയും നശിക്കുന്നതുമൂലം ലക്ഷക്കണക്കിന് രൂപയുടെ നഷ്ടം ഉണ്ടാകുന്നുണ്ട്. പക്ഷേ ഇന്നത്തെ അവസ്ഥയിൽ മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിൽ കാലവർഷക്കെടുതിയിൽ സാമ്പത്തിക സഹായം നൽകുന്നു എന്നല്ലാതെ കത്തി നശിച്ചതിന് നഷ്ടപരിഹാരം നൽകാൻ കഴിയാത്ത ഒരു സാഹചര്യമാണുള്ളത്. അതുകൊണ്ട് ഈ കാര്യത്തിൽ അടിയന്തരമായി ആവശ്യമായ ഭേദഗതികൾ വരുത്തി കാലവർഷക്കെടുതിയിൽ നൽകുന്നതുപോലെതന്നെ കത്തി നശിക്കുന്നതിനും സഹായം നൽകാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. പി. രാജേന്ദ്രൻ : സർ, നേരത്തെ പറഞ്ഞ ഉത്തരം തന്നെയാണ്, മാനദണ്ഡത്തിൽ അത് വരുന്നില്ല. കേരളത്തിൽ ഒരുപാട്, പ്രത്യേകിച്ച് തീരപ്രദേശത്ത് തീപിടുത്തങ്ങൾ ഉണ്ടാകുന്നു. പെട്ടെന്ന് എല്ലാ കുടിലുകളും കത്തിപ്പോകുന്ന രീതിയിലുള്ള അപകടങ്ങൾ ഉണ്ടാകാറുണ്ട്. മന്ത്രിസഭ ഇത് ചർച്ച ചെയ്ത് പ്രത്യേകമായി മുഖ്യമന്ത്രിയുടെ ഫണ്ടിൽനിന്ന് സഹായം നൽകുന്നുണ്ട്. ഇപ്പോൾ വന പ്രദേശത്തും അതുപോലെ തീപിടുത്തങ്ങൾ വ്യാപകമായി ഉണ്ടാകുന്നു. അതിന് സംസ്ഥാന ഗവൺമെന്റ് കേന്ദ്ര സഹായം ആവശ്യപ്പെട്ടിട്ടുണ്ട്. നമുക്ക് ഈ ആവശ്യം അംഗീകരിച്ചേ മതിയാകൂ, അതിനായി വീണ്ടും സമ്മർദ്ദം ചെലുത്തണം. എന്നാൽ ഗവൺമെന്റിന്റെ മുന്നിൽ വരുന്ന കേസ്സുകളിൽ പ്രത്യേകം മന്ത്രിസഭ തീരുമാനിച്ച് സഹായം നൽകുന്നുണ്ട്.

ശ്രീ. ആർ. സെൽവരാജ് : സർ, ദുരന്തങ്ങളെയും നിവാരണങ്ങളെയും സംബന്ധിച്ച് വേണ്ടുവോളം പഠനം പൂർത്തിയാക്കിയ ഉദ്യോഗാർത്ഥികൾ ഇന്ന്

LIBRARY ARCHIVES Kerala Legislative Assembly

നമ്മുടെ സംസ്ഥാനത്തുണ്ട്. എന്നാൽ സർക്കാർ രൂപീകരിച്ചിട്ടുള്ള ദുരന്ത നിവാരണ അതോറിറ്റികളിൽ വിവിധ വകുപ്പുകളിൽനിന്നും വേണ്ടുവോളം പരിശീലനം സിദ്ധിക്കാത്ത ഉദ്യോഗസ്ഥരാണ് ഇന്ന് പ്രവർത്തിച്ചുവരുന്നത്. ഇതിൽ മാറ്റം വരുത്തുന്നതിന് ആവശ്യമായ പരിശീലനം ലഭിച്ച ഉദ്യോഗാർത്ഥികളെ ദുരന്തനിവാരണ അതോറിട്ടികളിൽ നിയോഗിക്കുവാനുള്ള നടപടി സ്വീകരിക്കുമോ ?

ശ്രീ. കെ. പി. രാജേന്ദ്രൻ: സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞ ആദ്യത്തെ ഭാഗം ശരിയല്ല. ദുരന്ത നിവാരണ അതോറിറ്റിയിൽ വളരെ കുറച്ച് ആൾക്കാരെ അല്ലെങ്കിൽ നമ്മുടെ ഐ.എൽ.ഡി.എം. - ലൊക്കെ പ്രവർത്തിക്കുന്നുള്ളു. അവരെല്ലാം വളരെ കഴിവുള്ളവരും നല്ലവണ്ണം ജോലി ചെയ്യുന്ന നല്ല കോമ്പീറ്റന്റായ ആളുകളുമാണ്. പക്ഷേ കൂടുതൽ ആൾക്കാരുടെ സേവനം നമുക്ക് ഉപയോഗിക്കണം. അതിന് കേരളത്തിൽ ഇന്ന് പഠിച്ചുവരുന്ന കുറേയധികം കുട്ടികളുണ്ട്. അവരെക്കൂടി ഇതിൽ ഉൾക്കൊള്ളിക്കാൻ കഴിയുന്ന വിധത്തിൽ കുറച്ചുകൂടി പോസ്റ്റുണ്ടാക്കുവാനും കൂടുതൽ പേരെ റിക്രൂട്ട് ചെയ്യാനും ശ്രമിക്കുന്നുണ്ട്.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : സർ, ഏറ്റവുമധികം ഓയിൽ ഇൻസ്റ്റലേഷൻ ഉള്ള നഗരമാണ് കൊച്ചി. അതുപോലെ ഹൈറേസ് ബിൽഡിംഗ് ഉള്ളതും അവിടെയാണ്. മുപ്പതോളം നില ആയിക്കഴിഞ്ഞു. ദുരന്തം ഉണ്ടാകാതിരിക്കട്ടെ എന്ന് നമുക്ക് പ്രാർത്ഥിക്കാം. പക്ഷേ എന്തെങ്കിലും ദുരന്തം ഉണ്ടായാൽ അത് നേരിടാനുള്ള ഒരു സംവിധാനവും ഇപ്പോൾ അവിടെയില്ല. ചിലപ്പോൾ ഓയിലിലെ കുഴപ്പം വെള്ളംകൊണ്ട് കെടുത്താൻ കഴിയുകയില്ല. അതിന് പ്രത്യേകം ഫോമുമൊക്കെ വേണ്ടിവരും. അതുപോലെ ഹൈറേസ് ബിൽഡിംഗിന് ലാഡർ വേണ്ടിവരും. ഇങ്ങനെയുള്ള സംവിധാനങ്ങൾ ഈ പുതിയ സംവിധാനത്തിൽ ഉൾപ്പെടുത്തി വാങ്ങാൻ ശ്രമിക്കുമോ; അതിന് ഗവൺമെന്റ് ആലോചിക്കുന്നുണ്ടോ?

ശ്രീ. കെ. പി. രാജേന്ദ്രൻ : സർ, ബഹുമാനപ്പെട്ട ശ്രീ. ഡൊമിനിക് പ്രസന്റേഷൻ പറഞ്ഞത് വളരെ വളരെ ഗൗരവപ്പെട്ട വിഷയമാണ്. കാരണം, പുതിയ തരത്തിലുള്ള അല്ലെങ്കിൽ നമ്മൾ ഇതിനുമുമ്പ് കാണാത്ത അപകടങ്ങൾ പലതും വന്നുകൊണ്ടിരിക്കുകയാണ്. ഓയിലിന്റെ കാര്യം പറഞ്ഞു, കരുനാഗപ്പള്ളിയിലെ അപകടം നമ്മുടെയൊക്കെ കണ്ണ് തുറപ്പിച്ചതാണ്. എത്രയധികം പേരാണ് അവിടെ മരണപ്പെട്ടത്. നമുക്ക് പ്രത്യേകിച്ച് സംവിധാനങ്ങളില്ല. ഇപ്പോൾ ജില്ലകളിൽ തയ്യാറാക്കിയ ദുരന്ത നിവാരണ നയത്തിലും സംസ്ഥാനത്ത് ഇന്നലെ മുഖ്യമന്ത്രി പ്രകാശനം ചെയ്ത നയത്തിന്റെ ആദ്യത്തെ ഭാഗത്തിലും ഇത് ഉൾക്കൊള്ളിച്ചിട്ടുണ്ട്. അതുകൂടാതെ എറണാകുളം ജില്ലയ്ക്കുവേണ്ടി മാത്രം ഈ പറയുന്ന അപകടങ്ങൾ കണക്കിലെടുത്ത് ഒരു പ്രത്യേക പദ്ധതി ഇപ്പോൾ തയ്യാറാക്കിയിട്ടുണ്ട്. അത് എം.എൽ.എ. മാരുമൊക്കെയായി കൂടുതൽ ചർച്ച ചെയ്ത് കേന്ദ്രത്തിന്റെ

LIBRARY ARCHIVES Kerala Legislative Assembly

മുന്നിൽ സമർപ്പിക്കണം. ആവശ്യമായ പഠനമൊക്കെ നടത്തിയാണ് അത് തയ്യാറാക്കിയിട്ടുള്ളത്. എറണാകുളത്തെ ഈ അപകടങ്ങളുടെ സാധ്യതയിൽ അതിന് പ്രാധാന്യമുണ്ട്.

<u>ശ്രീ. വി. ശിവൻകുട്ടി</u>: സർ, അങ്ങയുടെ നേതൃത്വത്തിൽ വകുപ്പ് ദുരന്ത നിവാരണ പ്രവർത്തനങ്ങൾ നടത്തുന്ന കാര്യത്തിൽ കുറച്ചു മുന്നോട്ടു പോയിട്ടുണ്ട്. കഴിഞ്ഞ ആഴ്ച ഈ സഭതന്നെ അനുശോചിച്ച പാർവതീ പുത്തനാറിൽ ഉണ്ടായ അപകടം, യഥാർത്ഥത്തിൽ അവിടെ ഒരു ദുരന്തനിവാരണ വിദഗ്ദ്ധന്മാരുമല്ല, നാട്ടുകാരും അത്യാവശ്യം ഓടിക്കൂടിയ പോലീസുകാരുമൊക്കെ ചേർന്നുകൊണ്ടാണ് ആ കാര്യങ്ങൾ അവിടെ ചെയ്തത്. മന്ത്രി ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ ആദ്യം മുതൽ അവസാനംവരെ അക്കൂട്ടത്തിൽ ഉണ്ടായിരുന്നു. ഇത് എൽ.ഡി.എഫിന്റെയും യു.ഡി.എഫ്.ന്റെയും പ്രശ്നമല്ല. നമ്മൾ കൂട്ടായി ആലോചിച്ചുകൊണ്ട് ചെയ്യേണ്ട കാര്യമാണ്. ഞാൻ കഴിഞ്ഞ സഭയിൽ പറഞ്ഞു, അങ്ങ് ഇപ്പോൾ ടെലിഫോൺ ചെയ്ത് ജില്ലാ കളക്ടറോട് ചോദിക്കണം, ഒരു ദുരന്ത പ്രവർത്തനം നടത്തുന്നതിനുവേണ്ടി എത്ര മൺവെട്ടി അങ്ങയുടെ ഓഫീസിലുണ്ട് എന്ന് ചോദിച്ചാൽ ഒരു മൺവെട്ടിയോ ഒരു പമ്പുസെറ്റോ ഒരു കയറോ ഒന്നുമില്ലാത്ത സാഹചര്യമുണ്ട്. എന്റെ ചോദ്യം, അങ്ങ് കുറേ കാര്യങ്ങൾ ചെയ്യുന്നുണ്ട്; ഇല്ല എന്നൊന്നും പറയാൻ പറ്റുകയില്ല. അങ്ങ് ജില്ലാ കളക്ടറുടെ കീഴിൽ ദുരന്ത നിവാരണ സെൽ ഉണ്ടാക്കുകയും ഇതിന് കോമ്പീറ്റന്റായ ഒരു ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തുകയും നമുക്ക് അത്യാവശ്യം വേണ്ട പമ്പും കയറും മൺവെട്ടിയും പിക്കാസും തുടങ്ങി അത്യാവശ്യം വേണ്ട ഉപകരണങ്ങൾ അടക്കമുള്ള അത്രയെങ്കിലും കാര്യങ്ങൾ ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ശ്രീ. കെ. പി. രാജേന്ദ്രൻ</u>: സർ, ബഹുമാന്യപ്പെട്ട വി. ശിവൻകുട്ടി കഴിഞ്ഞ സമ്മേളനത്തിലും ഇത് ഒരു സബ്മിഷനിലൂടെ ഉന്നയിച്ചതാണ്. ഗൗരവമുള്ള ഒരു വിഷയംതന്നെയാണ്. റവന്യൂ ഡിപ്പാർട്ടുമെന്റിന്റെ ദുരന്ത നിവാരണ പ്രവർത്തനം മൺവെട്ടിയും കയറും വാങ്ങി വയ്ക്കലല്ല. അങ്ങനെ ഉദ്ദേശിച്ചിട്ടില്ല. ഫയർ ആന്റ് റെസ്ക്യൂ വകുപ്പിനാണ് ദുരന്ത നിവാരണ പ്രവർത്തനത്തിന്റെ ചുമതല. 21 കോടി രൂപ ആദ്യമായി ഈ സംസ്ഥാന ഗവൺമെന്റ് രണ്ടുപ്രാവശ്യമായി ഫയർ ആന്റ് റെസ്ക്യൂ വകുപ്പിന് കൊടുത്തു. അവർ അത് ശമ്പളം കൊടുക്കാൻ എടുക്കുകയല്ല ചെയ്തത്. അവർ ഉപകരണങ്ങൾ വാങ്ങി അവരുടെ എല്ലാ ഓഫീസുകളിലും അത് എത്തിച്ചുകൊണ്ടിരിക്കുകയാണ്. തേക്കടി ബോട്ടപകടം ഉണ്ടായപ്പോൾ അവിടെ ലൈറ്റില്ലാത്തതായിരുന്നു പ്രശ്നം. അതിന്റെയടിസ്ഥാനത്തിൽ പോലീസ് ഡിപ്പാർട്ടുമെന്റ് ഞങ്ങളെ അറിയിച്ചു, ഓരോ പോലീസ് സ്റ്റേഷനിലും നല്ല ലൈറ്റ് വാങ്ങി വച്ചാൽ പെട്ടെന്ന് അപകടം ഉണ്ടായാൽ ഉപയോഗിക്കാൻ പറ്റും. ഇപ്പോൾ ഷൊർണ്ണൂരുണ്ടായ അപകടം, പത്തു മണിക്കും പതിനൊന്നുമണിക്കും ശേഷം അപകടമുണ്ടായാൽ ലൈറ്റ് വേണ്ടേ? വെളിച്ചമില്ലാതെ എങ്ങനെ രക്ഷാപ്രവർത്തനം നടത്തും? വില്ലേജോഫീസിൽ

LIBRARY ARCHIVES Kerala Legislative Assembly

ലൈറ്റ് വാങ്ങി വച്ചിട്ടില്ല. ഫയർ ആന്റ് റെസ്ക്യൂ വകുപ്പ്, പോലീസ് വകുപ്പ് ഇതുകൂടാതെ വലിയ വിദഗ്ദ്ധൻമാരൊന്നുമില്ല. വില്ലേജോഫീസർ മുങ്ങൽ വിദഗ്ദ്ധനൊന്നുമല്ല. ഒരു താലൂക്ക് ഓഫീസർ വിദഗ്ദ്ധനല്ല. നമുക്ക് അതുപോലെയുള്ള വിദഗ്ദ്ധൻമാരെയും ചെറുപ്പക്കാരായ സന്നദ്ധ പ്രവർത്തകരെയും ട്രെയിൻ ചെയ്ത്, തേക്കടിയിൽ രക്ഷാപ്രവർത്തനം നടത്തിയത് ചെറുപ്പക്കാരാണ്. അവരെ ട്രെയിൻ ചെയ്ത്, ഇത്തരം പ്രവർത്തനങ്ങളിൽ കൊണ്ടുവരണം. ബഹുമാനപ്പെട്ട ഹോം മിനിസ്റ്റർ ഇവിടെ പറഞ്ഞതുപോലെ പോലീസിൽ എടുക്കുന്ന പോലീസുകാർക്കെല്ലാം നീന്തൽ ഉൾപ്പെടെ നല്ലവണ്ണം ട്രെയിനിംഗ് കൊടുക്കുന്നുണ്ട്. ഫയർ ആന്റ് റെസ്ക്യൂ വകുപ്പിലും ഡൈവിംഗ് ഉൾപ്പെടെയുള്ള ട്രെയിനിംഗ് കൊടുക്കാൻ തീരുമാനിച്ചിട്ടുണ്ട്. അല്ലാതെ റവന്യൂ ഡിപ്പാർട്ടുമെന്റ് മമ്മട്ടിയും കയറും വാങ്ങി വയ്ക്കാനുള്ള വകുപ്പല്ല.

ശ്രീ. വി. ഡി. സതീശൻ : സർ, ഇന്നത്തെ മാതൃഭൂമി പത്രത്തിൽ സംസ്ഥാനത്തെ ദുരന്ത നിവാരണ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കേണ്ട ദുരന്ത നിവാരണ അതോറിറ്റി നോക്കുകുത്തിയായി മാറുന്നു എന്നുള്ള വാർത്തയാണ് വന്നിരിക്കുന്നത്. ബഹുമാനപ്പെട്ട മന്ത്രി ഇവിടെ ചോദിച്ചത് മമ്മട്ടി മേടിക്കണോ, മേടിക്കാൻ പറ്റില്ല എന്നാണ്. പക്ഷേ ലക്ഷക്കണക്കിന് രൂപ മുടക്കി ദുരന്ത നിവാരണ അതോറിറ്റി വാങ്ങിയ ജനറേറ്റർ ഒരു പ്രയോജനവുമില്ലാതെ അവിടെ കിടക്കുകയാണ്. അതുപോലെ ദുരന്ത നിവാരണ അതോറിറ്റിയുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാനോ ബഡ്ജറ്റിൽ വകയിരുത്തിയ തുക കൃത്യമായി ചെലവഴിക്കാനോ കഴിയാതെ സംസ്ഥാനത്ത് ദുരന്തങ്ങളുണ്ടാകുമ്പോൾ ഒരു സംഭാവനയും ചെയ്യാൻ കഴിയാത്ത ഒരു സ്ഥാപനമായി സംസ്ഥാനത്തെ ദുരന്ത നിവാരണ അതോറിറ്റി മാറിയിരിക്കുകയാണ്. അതിനെ ശക്തിപ്പെടുത്താനും അതിനാവശ്യമായ പരിശീലനം കൊടുക്കാനും ആവശ്യമായ ഉപകരണങ്ങൾ ഏത് ഏജൻസിക്കാണെങ്കിലും കൊടുക്കാനുംവേണ്ടി ഇത്തരം കാര്യങ്ങൾ ചെലവഴിക്കുന്ന കാര്യത്തിൽ ഗവൺമെന്റ് ശ്രദ്ധിക്കുമോ?

ശ്രീ. കെ. പി. രാജേന്ദ്രൻ : സർ, മാതൃഭൂമി വാർത്ത എന്റെ ശ്രദ്ധയിൽപ്പെട്ടു, ഞാനും അന്വേഷിക്കാൻ പറഞ്ഞിട്ടുണ്ട്. ദുരന്ത നിവാരണ അതോറിറ്റി അങ്ങനെയൊരു ജനറേറ്റർ വാങ്ങിയതായി എന്റെ ശ്രദ്ധയിൽ വന്നിട്ടില്ല. എന്നാലും മാതൃഭൂമി പത്രത്തിൽ ഇന്നു വന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്, അന്വേഷിക്കുന്നുണ്ട്. ദുരന്ത നിവാരണ അതോറിറ്റിയിൽ നാലു ജീവനക്കാരാണുള്ളത്. ഈ ദുരന്ത നിവാരണ പ്രവർത്തനത്തിന് വരുന്ന ഫയർ ആന്റ് റെസ്ക്യൂ വകുപ്പ്, പോലീസ് ഡിപ്പാർട്ടുമെന്റ്, മറ്റ് ബന്ധപ്പെട്ട ഡിപ്പാർട്ടുമെന്റുകൾ, ആരോഗ്യവുമായി ബന്ധപ്പെട്ട് വന്നാൽ ഹെൽത്ത് ഡിപ്പാർട്ടുമെന്റ് -പുല്ലുമേട് ദുരന്തമുണ്ടായപ്പോൾ അവിടെ പോലീസ്, ഫയർ ആന്റ് റെസ്ക്യൂ, ഹെൽത്ത്, ഫോറസ്റ്റ്, നാട്ടുകാർ ഇവരെല്ലാം ചേർന്നാണ് രക്ഷാപ്രവർത്തനം നടത്തിയത്. അവരെ ഏകോപിപ്പിക്കുന്ന ജോലിയല്ലാതെ ഈ ഡിപ്പാർട്ടുമെന്റിന്റെ കയ്യിൽ എല്ലാ

LIBRARY ARCHIVES Kerala Legislative Assembly

എക്യുപ്മെന്റ്സും മറ്റും സംഘടിപ്പിക്കാൻ കേന്ദ്രത്തിൽനിന്ന് കുറെ പൈസ തന്ന രീതിയിൽ സംസാരിക്കരുത്. നമുക്ക് കിട്ടുന്ന തുകയുടെ പത്ത് ശതമാനത്തിൽ കുറവുമാത്രമേ ഇതുപോലുള്ള ആവശ്യങ്ങൾക്ക് വിനിയോഗിക്കാൻ പാടുള്ളൂ. ആ പത്തു ശതമാനം കണക്കാക്കി പൂർണ്ണമായും സംഖ്യ ഞങ്ങൾ ഫയർ ആന്റ് റെസ്ക്യൂ വകുപ്പിന് കൊടുത്തു. ലൈറ്റ് വാങ്ങി വയ്ക്കാൻ പോലീസ് ഡിപ്പാർട്ടുമെന്റിന് കൊടുക്കാനുള്ള ഒരു പ്രൊപ്പോസൽ ഇപ്പോൾ ഞങ്ങൾ ആലോചിച്ചുകൊണ്ടിരിക്കുകയാണ്.

<u>ശ്രീ. എം. എം. മോനായി</u> : സർ, ഓരോ ദുരന്തങ്ങളിൽ നിന്നും നമ്മൾ പാഠം പഠിക്കുന്നില്ല, വീണ്ടും വീണ്ടും ദുരന്തങ്ങൾ ആവർത്തിച്ചുകൊണ്ടിരിക്കുന്നുവെന്നുള്ളതാണ് നമ്മുടെ അനുഭവം. ഏറ്റവും കൂടുതലായി പുഴകളിൽ കുളിക്കാൻ പോകുന്ന കുട്ടികൾ അപകട മരണങ്ങളിൽപ്പെടുന്നുണ്ട്. പ്രധാനപ്പെട്ട കേന്ദ്രങ്ങളിലെങ്കിലും ഒരു സെക്യൂരിറ്റി ഗാർഡിനെ നിയോഗിക്കുവാനും നീന്തൽ പഠിപ്പിക്കുവാനുള്ള ഒരു പരിശീലനകേന്ദ്രം ആരംഭിക്കാനുമുള്ള നടപടികൾ സ്വീകരിക്കുമോ?

<u>ശ്രീ. കെ. പി. രാജേന്ദ്രൻ</u> : സർ, കാലാകാലങ്ങളിൽ ഇതുപോലുള്ള അപകടങ്ങൾ സംഭവിക്കുമ്പോൾ പല റിപ്പോർട്ടുകളും നമുക്ക് കിട്ടാറുണ്ട്. ഇതുസംബന്ധിച്ച് പരിശോധിക്കുമ്പോൾ മുന്നറിയിപ്പുകൾ നൽകാറുണ്ട്. പലപ്പോഴും അതൊന്നും ശ്രദ്ധിക്കാറില്ല. തട്ടേക്കാട് ബോട്ടപകടം ഉണ്ടായി കുട്ടികൾ മരിച്ചു. അതിനുശേഷമാണ് തേക്കടിയിൽ വലിയ ബോട്ടപകടം ഉണ്ടായത്. അത് പരിശോധിച്ചപ്പോൾ രക്ഷാജാക്കറ്റ് അവിടെ ഇരിക്കുകയാണ്. ഇത്തരത്തിൽ അശ്രദ്ധമൂലം അപകടങ്ങൾ സംഭവിക്കുന്നു. വെടിക്കെട്ട് അപകടത്തിൽ എത്ര പേർ മരിച്ചു? റിപ്പോർട്ടുകൾ ഇല്ലാഞ്ഞിട്ടാണോ? ഒരു പൊതു സമൂഹത്തിന്റെ ജാഗ്രത ഇക്കാര്യത്തിൽ ഉണ്ടാകേണ്ടതുണ്ട്.

<u>ശ്രീ. റ്റി. യു. കുരുവിള</u> : സർ, തട്ടേക്കാട് ദുരന്തത്തെപ്പറ്റി ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. അതിനോട് ചേർന്നുള്ള ഇഞ്ചത്തൊട്ടി കടവിൽ ഒട്ടേറെ കുട്ടികൾ കടത്തുകടക്കുന്നുണ്ട്. അവിടെ പല അപകടങ്ങളുണ്ടായി, മരണങ്ങളുമുണ്ടായി. അവിടൊരു തൂക്കുപാലം പണിയുന്നകാര്യം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽ വന്നിട്ടുണ്ടോ; അതിന് ഫണ്ട് അനുവദിച്ചിട്ടുണ്ടെന്ന് പറഞ്ഞു. ഉടനെ നടത്തുവാനുള്ള നടപടി സ്വീകരിക്കുമോ?

<u>ശ്രീ. കെ. പി. രാജേന്ദ്രൻ</u> : സർ, നേരത്തെ ഇവിടെ സൂചിപ്പിച്ചതാണ്. മലപ്പുറത്ത് അരീക്കോടുണ്ടായ അപകടത്തിൽ എട്ട് കുട്ടികൾ മരിച്ചപ്പോൾ നമ്മുടെ നാടുമുഴുവൻ ദു:ഖിച്ചതാണ്. അങ്ങനെ വന്നപ്പോഴാണ് കടവുകളിലുള്ള കടത്തു തോണികളുടെ സ്ഥിതി അന്വേഷിച്ചത്. ഇത് ആരെങ്കിലും പരിശോധിച്ച് ഇതിന്റെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നുണ്ടോയെന്ന് അന്വേഷിച്ചപ്പോൾ വളരെ ദുഃഖിപ്പിക്കുന്ന റിപ്പോർട്ടാണ് വന്നത്. 575-ഓളം കടവുകൾ

LIBRARY ARCHIVES Kerala Legislative Assembly

അങ്ങനെയുണ്ട്. അതിൽ മുപ്പതോളം കടവുകളാണ് ഏറ്റവും കൂടുതൽ കുട്ടികൾ യാത്ര ചെയ്യുന്ന കടവായി ആദ്യം തെരഞ്ഞെടുത്തത്. അരീക്കോട് പാലത്തിന്റെ പണി പൂർത്തിയായി. 28-ാം തീയതി തുറന്നു കൊടുക്കും. ബഹുമാനപ്പെട്ട റ്റി.യു. കുരുവിള ചൂണ്ടിക്കാണിച്ച കടവിൽ പാലം നിർമ്മിക്കാനുള്ള അനുമതി കൊടുത്തിട്ടുണ്ട്.

ശ്രീ. എ. എം. ആരിഫ് : സർ, ദുരന്ത നിവാരണ പ്രവർത്തനങ്ങളിൽ ഏകോപന പ്രവർത്തനങ്ങളാണ് നടത്തേണ്ടതെന്ന് അങ്ങ് പറഞ്ഞു. ഏകോപന പ്രവർത്തനം നടത്തേണ്ട റവന്യൂ വകുപ്പ് അധികൃതർ തന്നെയാണ് ദുരന്തമുണ്ടായാലും അവിടെ ഓടിയെത്തുന്നത്. ജില്ലാ കളക്ടർ, തഹസീൽദാർ, മറ്റ് ഉദ്യോഗസ്ഥർ എല്ലാവരും ഓടിയെത്താറുണ്ട്. അവർ അവരുടെ ചുമതലകൾ നിർവ്വഹിക്കാൻ ശ്രമിക്കാറുമുണ്ട്. പക്ഷേ അങ്ങ് രണ്ടാമത്തെ ഉത്തരമായി യുവജന കർമ്മസേനാ സുരക്ഷാ ക്ലബ്ബുകളുടെ പ്രവർത്തനങ്ങൾ പരാമർശിച്ചിട്ടുണ്ട്. ദുരന്ത നിവാരണ പ്രവർത്തനങ്ങളിൽ നല്ലൊരു പങ്കാണ് ആശാ വോളന്റിയേഴ്സ് വഹിക്കുന്നത്. അത് അങ്ങയുടെ വകുപ്പല്ല, ഹെൽത്ത് ഡിപ്പാർട്ടുമെന്റാണ്. അരൂർ മണ്ഡലത്തിൽ കഴിഞ്ഞ സെപ്റ്റംബർ മാസത്തിലുണ്ടായ വെള്ളപ്പൊക്കത്തിന്റെ ദുരന്ത നിവാരണ പ്രവർത്തനത്തിൽ ആശാ വർക്കേഴ്സ് നല്ല പങ്കാണ് വഹിച്ചിട്ടുള്ളത്. അവർക്ക് ഇൻസെന്റീവായി 500 രൂപവച്ച് കൊടുക്കുന്ന കാര്യം പരിഗണിക്കാമെന്ന് ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞതാണ്. ദുരന്ത നിവാരണ പ്രവർത്തനങ്ങളിൽ പങ്കു വഹിക്കുന്ന ആശാ വോളന്റിയേഴ്സിന് ആവശ്യമായ സഹായം കൊടുക്കുമോ?

ശ്രീ. കെ. പി. രാജേന്ദ്രൻ : സർ, ശ്രീ. എ.എം. ആരിഫ് ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ കാലവർഷക്കെടുതിയുടെ സമയത്ത് എല്ലാ സ്ഥലങ്ങളിൽനിന്നും വന്ന റിപ്പോർട്ട് ആശാ വർക്കേഴ്സ് ക്യാമ്പുകളുടെ കാര്യത്തിലും രക്ഷാ പ്രവർത്തനത്തിലും വളരെ നല്ല പങ്ക് വഹിക്കുന്നുണ്ടെന്നുള്ളതാണ്. അതുകൊണ്ട് ഇവിടെ പറഞ്ഞ നിർദ്ദേശം അംഗീകരിക്കാം, ഇതിന്റെ ഭാഗമാക്കാം. സാമ്പത്തികമായി സഹായിക്കാൻ ഇതിന്റെയുള്ളിൽനിന്നുകൊണ്ട് പറ്റുമെങ്കിൽ അതും ചെയ്യാം.

ശ്രീ. കെ. അച്ചുതൻ : സർ, ദുരന്ത നിവാരണത്തെക്കുറിച്ച് ചർച്ച ചെയ്യുമ്പോഴെല്ലാം കടൽ, കായൽ, വെള്ളം ഇതുമാത്രമാണ് ചർച്ച ചെയ്യുന്നത്. എനിക്ക് പറയാനുള്ളത്, മഴ നിഴൽ പ്രദേശമായ ഒരു പ്രദേശമുണ്ട്, കൊഴിഞ്ഞാമ്പാറ ഫർക്ക. കിഴക്കൻ മഴയും പെയ്യില്ല, നമ്മുടെ മഴയും പെയ്യില്ല. ഇന്നും ലോറിയിൽ കുടിവെള്ളം എത്തിച്ചാണ് ആളുകൾക്ക് അത്യാവശ്യം കുറച്ചു വെള്ളം കിട്ടുന്നത്. വരൾച്ചയും ദുരന്ത നിവാരണത്തിന്റെ ഭാഗമായി വരുന്നതായതിനാൽ ആ സ്ഥലത്തേയ്ക്കുള്ള ആളുകൾക്ക് കുടിവെള്ളമെങ്കിലും എത്തിക്കുന്നതിനെക്കുറിച്ച് ഒരു ചർച്ചയും നടക്കുന്നില്ല. കുടിവെള്ളം എത്തിക്കാനുള്ള നടപടിയെങ്കിലും വാട്ടർ അതോറിറ്റിയുമായി ചേർന്ന് നടത്താൻ കഴിയുമോ? അതിന് ഫണ്ട് മാറ്റിവയ്ക്കുമോയെന്നുള്ളതാണ് എന്റെ ചോദ്യം.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പി. രാജേന്ദ്രൻ : സർ, ഈ പറഞ്ഞ സ്ഥലംപോലെ കേരളത്തിൽ ആറേഴ് സ്ഥലങ്ങളുണ്ട്. ഏത് സന്ദർഭത്തിലും വെള്ളം മറ്റ് മാർഗ്ഗങ്ങളിലൂടെ എത്തിച്ചേ പറ്റൂ. ഇപ്പോൾ തുടർച്ചയായി സഹായിക്കുന്നുണ്ട്. ഇപ്പോൾ അവിടെനിന്ന് ജില്ലാ കളക്ടർ റിപ്പോർട്ട് തന്നിട്ടുള്ളതനുസരിച്ച് ഞാൻ മനസ്സിലാക്കുന്നത് ആവശ്യമായ നടപടിയെടുത്തിട്ടുണ്ടെന്നാണ്. ഒന്നുകൂടി പരിശോധിക്കാം.

ശ്രീ. സി. കെ. പി. പത്മനാഭൻ : സർ, ഈ നിയമസഭയിൽ ആദ്യത്തെ വർഷം ഞാൻ സബ്മിഷൻ കൊണ്ടുവന്നതാണ്, ദുരന്തങ്ങളുണ്ടാകുന്നതിൽ നമുക്ക് പങ്കുണ്ട്. നിയമങ്ങളില്ലാത്തതാണ് ഇതിന് കാരണം. ഉദാഹരണത്തിന് കുന്ന് തുരന്നെടുക്കുന്നത് വേനൽക്കാലത്താണ്. മഴക്കാലമാകുമ്പോൾ അത് ഇടിഞ്ഞുവീഴുകയാണ്. മലേഷ്യയിലാണെങ്കിൽ അതിന് നിയമമുണ്ട്. ലാന്റ് സ്കേപ്പിംഗ് നടത്തി തട്ടുതട്ടായി മാത്രമേ മണ്ണെടുക്കാൻ പാടുള്ളു. ആ നിയമം ഇതുവരെ രൂപപ്പെട്ടിട്ടില്ല. അന്ന് ലോ ഡിപ്പാർട്ടുമെന്റിന് കൊടുത്തുവെന്നാണ് പറയുന്നത്. അതുപോലെതന്നെ ദുരന്തത്തിന്റെ ഭാഗമായി എല്ലാ വില്ലേജോഫീസിലും നാല് ഹോൺ ഫിറ്റ് ചെയ്തിട്ടുണ്ട്. അത് സുനാമിയുടെ അറിയിപ്പിനാണെന്നാണ് പറയുന്നത്. ഈ നാല് ഹോണും ഇപ്പോൾ ഒടിഞ്ഞ് താഴെക്കിടക്കുകയാണ്. എങ്ങനെവന്നു എന്ന് എനിക്കറിയില്ല.

ശ്രീ. കെ. പി. രാജേന്ദ്രൻ : സർ, സ്റ്റേറ്റ് ഗവൺമെന്റിന്റെ സ്കീമല്ല. എൻ.ഡി.എം.എ.ക്കാരുടെ ഒരു സ്കീമിലാണ് ഏർലി വാണിംഗ് സിസ്റ്റം എന്നു പറഞ്ഞ് കടലിൽ നടക്കുന്ന അപകടങ്ങൾ റിപ്പോർട്ട് ചെയ്യാൻ ഒരു സിസ്റ്റമുള്ളത്. ഇതുപോലെയുള്ള ചില പരാതികൾ കിട്ടിയിട്ടുണ്ട്. .....(തടസ്സം).....ശ്രമിക്കുന്നുണ്ട്.

ശ്രീ. സി. പി. മുഹമ്മദ് : സർ, സംസ്ഥാനത്തെ ഏറ്റവും വലിയ ദുരന്തമായി ദുരന്തനിവാരണ അതോറിറ്റി മാറിയിരിക്കുകയാണ്. പുഴയിലെ കടവുകളിൽ പാലം കെട്ടുമെന്ന് പറഞ്ഞു. പാലം കെട്ടുന്നതിനേക്കാളും ലാഭം പുഴ നികത്തലാണെന്ന് പറഞ്ഞു. ഒന്നും നടക്കുന്നില്ല. ദുരന്തങ്ങളുണ്ടാകുമ്പോൾ മാത്രം സങ്കടപ്പെടും. പുല്ലുമേട് ദുരന്തം കഴിഞ്ഞു, ഷൊർണ്ണൂരിലെ വെടിക്കെട്ട് അപകടവും കഴിഞ്ഞു. ഇതിനാവശ്യായ ഉപകരണങ്ങൾ വാങ്ങാനുള്ള ഫണ്ട് അനുവദിച്ച് ഈ പ്രശ്നങ്ങൾ പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. പി. രാജേന്ദ്രൻ : സർ, ബഹുമാനപ്പട്ട സി.പി. മുഹമ്മദിന്റെ മണ്ഡലത്തിലാണ് അവസാനം ഈ വെടിക്കെട്ടപകടമുണ്ടായത്. ലൈസൻസൊന്നുമില്ലാത്ത ഒരാൾ അവിടെ അനധികൃതമായി നടത്തിയ പടക്കശാലയെക്കുറിച്ച് എന്താണ് മുമ്പുതന്നെ അന്വേഷിക്കാതിരുന്നത്? ലൈസൻസുമില്ലാത്ത ഒരാൾ പടക്കശാല നടത്തി എങ്ങനെയാണ് അപകടകരമായ സാഹചര്യമുണ്ടാക്കിയതെന്ന് പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.